A

506

സമഗ്ര ശിക്ഷാ കേരളം

# ആത്യന്തിക വിലയിരുത്തൽ I 2025-2026

## അടിസ്ഥാനശാസ്ത്രം

ക്ലാസ്: 5 സമയം: 2 മണിക്കൂർ 15 മിനിട്ട്

### നിർദേശങ്ങൾ

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് പതിനഞ്ച് മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കണം
2. ആറു ചോദ്യങ്ങൾക്ക് ഉത്തരമെഴുതിയാൽ മതി.

**1.**

a) താഴെ കൊടുത്തിരിക്കുന്ന ആഹാരശൃംഖലകൾ പരിശോധിച്ച് ശരിയായ ശൃംഖല കണ്ടെത്തി എഴുതുക.

A. പുല്ല് ⟶ കടുവ ⟶ പശു

B. പുല്ല് ⟶ പുൽച്ചാടി ⟶ തവള ⟶ പാമ്പ്

C. പുല്ല് ⟶ പുൽച്ചാടി ⟶ മുയൽ ⟶ കുറുക്കൻ

D. പുല്ല് ⟶ പുലി ⟶ തവള ⟶ മുയൽ ⟶ പരുന്ത്

b) താഴെ കൊടുത്തിരിക്കുന്ന ആഹാരശൃംഖലയിൽ ചേരയുടെ എണ്ണം കുറഞ്ഞാൽ ആവാസത്തിനുണ്ടാകുന്ന മാറ്റം വിശദീകരിക്കുക.

നെല്ല് ⟶ എലി ⟶ ചേര ⟶ പരുന്ത്

c) ചുവടെ കൊടുത്തിരിക്കുന്ന ജീവികൾ ഉൾപ്പെടുന്ന ആഹാരശൃംഖലാജാലം നിർമ്മിക്കുക.

| |
|---|
| തവള, പുല്ല്, പുൽച്ചാടി, പുഴു, കോഴി, കുറുക്കൻ, കഴുകൻ, പാമ്പ് |

**2.**

a) വയൽ, കുളം, മരുഭൂമി, പുൽമേടുകൾ, കാട്, കടൽ, കണ്ടൽകാട്, ധ്രുവപ്രദേശം തുടങ്ങിയവയെല്ലാം വിവിധങ്ങളായ ആവാസങ്ങളാണ്. ചുവടെയുള്ള ജീവികളുടെ ആവാസം ഏതെന്ന് കണ്ടെത്തി എഴുതുക.

| ജീവികൾ | ആവാസം |
|---|---|
| ഒട്ടകം | |
| കടുവ | |
| ധ്രുവക്കരടി | |
| ഡോൾഫിൻ | |

b) ചിത്രം നിരീക്ഷിക്കൂ.



നൽകിയിരിക്കുന്ന ചിത്രം ഏത് അധിനിവേശജീവിയുടേതാണ്? നിങ്ങളുടെ സമീപത്തുള്ള ജലാശയത്തിൽ ഈ ജീവി എത്തിച്ചേർന്നാൽ ജലാശയത്തിൽ ഉണ്ടാകാവുന്ന മാറ്റങ്ങൾ എന്തെല്ലാം?

c) സസ്യങ്ങളിൽ കാണപ്പെടുന്ന നിറങ്ങളും അവയ്ക്ക് കാരണമായ വർണ്ണകങ്ങളും അടങ്ങിയ പട്ടിക നൽകിയിരിക്കുന്നു. പട്ടിക പരിശോധിച്ച് ശരിയായ ജോഡി ഏതെന്ന് കണ്ടെത്തി എഴുതുക.?

| | |
|---|---|
| 1. പച്ച | a. സാന്തോഫിൽ |
| 2. ചുവപ്പ് | b.കരോട്ടിൻ |
| 3. ഓറഞ്ച് | c.ഹരിതകം |
| 4. മഞ്ഞ | d.ആന്തോസയാനിൻ |

A. 1-c, 2-b, 3-c, 4-b

B. 1-c, 2-a, 3-b, 4-c

C. 1-c, 2-d, 3-b, 4-a


D. 1-c, 2-d, 3-a, 4-d

3.

a) പകലും രാത്രിയും സസ്യങ്ങളിൽ നടക്കുന്ന വാതക വിനിമയമാണ് (1), (2) എന്നീ ചിത്രങ്ങളിൽ സൂചിപ്പിച്ചിരിക്കുന്നത്. ചിത്രം (2) നിരീക്ഷിച്ച് a, b എന്നീ വാതകങ്ങൾ ഏതെല്ലാം എന്ന് എഴുതുക.




(1)




(2)

b) താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനയും സൂചനയും ഉപയോഗിച്ച് വിട്ടുപോയ ഭാഗം പൂരിപ്പിക്കുക.

ഞാൻ സ്വയം ആഹാരം നിർമ്മിക്കുന്നു.
പക്ഷേ ജലവും ലവണവും ആതിഥേയ
സസ്യത്തിൽ നിന്നു വലിച്ചെടുക്കുന്നു,

a. .......................

b.......................................

മരവാഴ

c) ചുവടെ കൊടുത്തിരിക്കുന്നവയിൽ ശരിയായ പ്രസ്താവന എഴുതുക.

i) എല്ലാ ജീവികളും ശ്വസനത്തിനായി ഓക്സിജൻ, കാർബൺഡൈഓക്സൈഡ് എന്നീ വാതകങ്ങൾ ഉപയോഗിക്കുന്നു.

ii) ശ്വസനഫലമായി സസ്യങ്ങളിൽ ഉണ്ടാകുന്ന കാർബൺഡൈഓക്സൈഡ് പകൽ സമയത്ത് പ്രകാശസംശ്ലേഷണത്തിന് ഉപയോഗിക്കുന്നു.

iii) അന്തരീക്ഷത്തിലുള്ള കാർബൺഡൈഓക്സൈഡ് സസ്യങ്ങൾ പ്രകാശ സംശ്ലേഷണത്തിന് ഉപയോഗിക്കുന്നു.

iv) സസ്യങ്ങളിൽ വാതക വിനിമയം നടക്കുന്ന സൂക്ഷ്മ സുഷിരങ്ങളാണ് സ്റ്റൊമാറ്റ

a) ii, iii, iv ശരിയാണ് b) i, ii, iii ശരിയാണ്

c) i, iii, iv ശരിയാണ് d) i, ii, iv ശരിയാണ്

**4. ഈ ചോദ്യത്തിന് 4.(A), 4.(B) എന്നീ രണ്ടു ഭാഗങ്ങളുണ്ട്. 4.(A), 4.(B) എന്നിവയിൽ ഏതെങ്കിലും ഒന്ന് പൂർണ്ണമായി എഴുതിയാൽ മതിയാകും.**

**4. (A)**

**ഡങ്കിപ്പനി പരക്കുന്നു**

**നെൽമല: നെൽമല പഞ്ചായത്തിൽ ഡങ്കിപ്പനി വ്യാപകമാകുന്നു. വലിച്ചെറിയുന്ന പ്ലാസ്റ്റിക് കുപ്പികളിലും കവറുകളിലുമുള്ള വെള്ളത്തിൽ മുട്ടയിട്ടു പെരുകുന്ന ജീവിയാണ് ഈ രോഗം പരത്തുന്നത്. ഡങ്കിപ്പനി നിയന്ത്രിക്കുന്നതിന് ആവശ്യമായ പ്രാഥമിക നടപടികൾ പഞ്ചായത്തും ആരോഗ്യവകുപ്പും ഏറ്റെടുത്ത് നടത്തുന്നു.**

പത്രവാർത്ത ശ്രദ്ധിച്ചില്ലേ..

a) ഡങ്കിപ്പനി പരത്തുന്ന ജീവി ഏത്?

b) ഈ ജീവി പെരുകുന്ന സാഹചര്യം ഒഴിവാക്കാനുള്ള മറ്റു രണ്ടു മാർഗങ്ങൾ എഴുതുക.

c) പകരുന്ന രോഗങ്ങൾ മാത്രമല്ലല്ലോ ഉള്ളത്. ചുവടെയുള്ള പട്ടിക പരിശോധിച്ച് പൂർത്തിയാക്കൂ.

| a .................. | **പകരുന്ന രോഗങ്ങൾ** |
|---|---|
| ഹൃദ്രോഗം | b. .................. |
| ക്യാൻസർ | ചെങ്കണ്ണ് |
| c. .................. | മഞ്ഞപ്പിത്തം |
| പ്രമേഹം | d. .................. |

**അല്ലെങ്കിൽ**

**4. (B)**

a) സൂക്ഷ്മജീവികൾ ശരീരത്തിൽ പ്രവേശിക്കുന്ന വിധവും രോഗങ്ങളും ഉൾപ്പെടുത്തിയ പട്ടികയാണ് ചുവടെ കൊടുത്തിരിക്കുന്നത്. അനുയോജ്യമായ രീതിയിൽ പട്ടിക പൂർത്തിയാക്കി എഴുതുക.

| **ശരീരത്തിൽ പ്രവേശിക്കുന്ന വിധം** | **രോഗങ്ങൾ** |
|---|---|
| മണ്ണിലൂടെ → | 1) .................. |
| 2).................. → | ക്ഷയം |
| ജലവും ഭക്ഷണവും വഴി → | 3.................. |
| 4).................. → | കുഷ്ഠം |

b) വ്യക്തിശുചിത്വം പാലിക്കുന്നതിലൂടെ രോഗങ്ങൾ വരാതിരിക്കാൻ ശ്രദ്ധിക്കാം. ഇതുപോലെ രോഗങ്ങൾ വരാതിരിക്കാൻ ശ്രദ്ധിക്കേണ്ട മറ്റു നാലു കാര്യങ്ങൾ എഴുതുക.

c) നൽകിയിരിക്കുന്ന പ്രസ്താവനയും കാരണവും പരിശോധിച്ച് താഴെ തന്നിരിക്കുന്നവയിൽ ശരിയായത് ഏതെന്ന് എഴുതുക.

**പ്രസ്താവന 1 – കൂമ്പുചീയൽ തെങ്ങുകളിലേയ്ക്ക് വളരെ വേഗം വ്യാപിക്കുന്നു.**

**കാരണം - ജന്തുക്കളെപ്പോലെതന്നെ പകർച്ചവ്യാധികൾ സസ്യങ്ങളെയും ബാധിക്കാറുണ്ട്.**


A. പ്രസ്താവന ശരിയാണ്, പക്ഷേ നൽകിയിരിക്കുന്ന കാരണം തെറ്റാണ്.

B. പ്രസ്താവന തെറ്റാണ്, കാരണം ശരിയാണ്.

C. പ്രസ്താവന ശരിയാണ് കാരണവും ശരിയാണ്.

D. പ്രസ്താവനയും നൽകിയിരിക്കുന്ന കാരണവും തെറ്റാണ്.

**5.**




a) സംഭാഷണം ശ്രദ്ധിച്ചല്ലോ. അസുഖമില്ലാത്ത അവസ്ഥയിലും പ്രതിരോധകുത്തിവയ്പുകൾ എടുക്കണം. ഈ പ്രസ്താവനയോടുള്ള നിങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തുക.

b) ചുവടെ നൽകിയിരിക്കുന്ന സന്ദർഭങ്ങൾ വായിക്കുക.

1) അരിമാവ് പുളിക്കുന്നു.

2) തുണികളിലെ അഴുക്ക് നീക്കം ചെയ്യുന്നു.

3) ജൈവാവശിഷ്ടങ്ങളെ വിഘടിപ്പിച്ച് മണ്ണിൽ ചേർക്കുന്നു.

4) പകർച്ചവ്യാധികൾ പരത്തുന്നു.

ഇതിൽ സൂക്ഷ്മ ജീവികൾ ഉപകാരികളാവുന്ന സന്ദർഭങ്ങൾ എടുത്തെഴുതുക.

A. സന്ദർഭം 1, 2 B. സന്ദർഭം 1, 3

C. സന്ദർഭം 1, 4 D. സന്ദർഭം 3, 4

c) പരിസരശുചിത്വവുമായി ബന്ധപ്പെട്ട് ആരോഗ്യക്ലബ്ബ് നടത്തുന്ന പോസ്റ്റർ പ്രദർശനത്തിലേക്ക് ഒരു പോസ്റ്റർ തയ്യാറാക്കുക.

**6. ഈ ചോദ്യത്തിന് 6.(A), 6.(B) എന്നീ രണ്ടു ഭാഗങ്ങളുണ്ട്. 6.(A), 6.(B) എന്നിവയിൽ ഏതെങ്കിലും ഒന്ന് പൂർണ്ണമായി എഴുതിയാൽ മതിയാകും.**

**6. (A)** സസ്യങ്ങളിൽ ജലം നിർവഹിക്കുന്ന ധർമ്മങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്. വിട്ടുപോയവ പൂർത്തിയാക്കുക.

a. ..................... — സസ്യങ്ങളിൽ ജലം നിർവഹിക്കുന്ന ധർമ്മങ്ങൾ — പ്രകാശ സംശ്ലേഷണം

b. .............................

b) ജലപരിശോധന റിപ്പോർട്ടിലെ ചില വിവരങ്ങളാണ് താഴെ നൽകിയിരിക്കുന്നത്.

| പരിശോധിച്ച ഘടകം | സാന്നിധ്യം |
|---|---|
| നിറം | ഇല്ല |
| മണം | ഉണ്ട് |
| ബാക്ടീരിയ | ഉണ്ട് |

ഈ വെള്ളം കുടിവെള്ളമായി ഉപയോഗിക്കാവുന്നതാണോ?

കാരണം വിശദീകരിക്കുക.

c) താഴെ തന്നിരിക്കുന്നവയിൽ ശരിയായ പ്രസ്താവന ഏതെന്ന് കണ്ടെത്തി എഴുതുക.

A. മനുഷ്യ ശരീരത്തിൽ ഏറ്റവും കൂടുതൽ ജലം അടങ്ങിയിരിക്കുന്നത് ഹൃദയത്തിലാണ്.

B. മനുഷ്യ ശരീരത്തിൽ ഏറ്റവും കൂടുതൽ ജലം അടങ്ങിയിരിക്കുന്നത് രക്തത്തിലാണ്.

C. മനുഷ്യ ശരീരത്തിൽ ഏറ്റവും കൂടുതൽ ജലം അടങ്ങിയിരിക്കുന്നത് അസ്ഥിയിലാണ്.

D. മനുഷ്യ ശരീരത്തിൽ ഏറ്റവും കൂടുതൽ ജലം അടങ്ങിയിരിക്കുന്നത് തലച്ചോറിലാണ്.

**അല്ലെങ്കിൽ**

**6. (B)**

a) ജലശുദ്ധീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ നൽകിയിരിക്കുന്നു. ഇവ ക്രമപ്പെടുത്തി എഴുതുക.

- മാലിന്യങ്ങൾ അടിയാൻ അനുവദിക്കുന്നു.
- വലിയ മാലിന്യങ്ങൾ അരിച്ചു മാറ്റുന്നു.
- രോഗാണുക്കളെ നശിപ്പിക്കുന്നു.
- പലതട്ടുള്ള അരിപ്പകൾ കൊണ്ട് അരിച്ചു മാറ്റുന്നു.

b) ചങ്ങാടത്തിൽ യാത്ര ചെയ്യാൻ നമുക്ക് സാധിക്കുന്നത് വെള്ളത്തിൽ പൊങ്ങിക്കിടക്കാനുള്ള വസ്തുക്കളുടെ കഴിവാണല്ലോ. ഈ കഴിവ് പ്രയോജനപ്പെടുത്തുന്ന മറ്റു രണ്ടു സന്ദർഭങ്ങൾ എഴുതുക.

c) ജലവിതരണ സംവിധാനവുമായി ബന്ധപ്പെട്ട രണ്ടു പ്രസ്താവനകളാണ് താഴെ നൽകിയിരിക്കുന്നത്.

പ്രസ്താവന 1 – പുഴകളിലെ വെള്ളം ശുദ്ധീകരിച്ചാണ് കുടിക്കാനും മറ്റ് ആവശ്യങ്ങൾക്കും വീടുകളിൽ എത്തിക്കുന്നത്.

പ്രസ്താവന - 2 പുഴകളിലെ വെള്ളം അതേപടി നേരിട്ട് വീടുകളിലേയ്ക്ക് പമ്പു ചെയ്യുകയാണ് ചെയ്യുന്നത്. താഴെ നൽകിയിരിക്കുന്നവയിൽ ശരിയായ പ്രസ്താവന ഏത്?

A. പ്രസ്താവന 1 ശരിയാണ്, പ്രസ്താവന 2 തെറ്റാണ്

B. പ്രസ്താവന 1 തെറ്റാണ്, പ്രസ്താവന 2 ശരിയാണ്

C. പ്രസ്താവന 1, 2 എന്നിവ ശരിയാണ്

D. പ്രസ്താവന 1, 2 എന്നിവ തെറ്റാണ്